പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2149 | 07/03/2017 ൽ മറുപടി നല്കേണ്ടത് |
|---|---|

**ഹോട്ടലുകളിലെ പാചകത്തൊഴിലാളി കളുടെ ആരോഗ്യ സ്ഥിതിയെക്കുറിച്ച് വിലയിരുത്താനുള്ള സംവിധാനങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ടി. വി. ഇബ്രാഹിം** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ ഹോട്ടൽ/റസ്റ്റാറന്റുകളിലെ പാചകക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള ആരോഗ്യ കാർഡുകൾ ( ഹെൽത്ത് കാർഡ്സ്) നൽകുന്നുണ്ടോ ; | എ) | ഉണ്ട് |
| ബി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) | 2006ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിന്റെ അടിസ്ഥാനത്തിൽ 2011ൽ ആവിഷ്ക്കരിച്ച ഭക്ഷ്യസുരക്ഷാ ഗുണനിലവാര ലൈസൻസിംഗ്/രജിസ്ട്രേഷൻ നിയമത്തിൽ വ്യക്തി ശുചിത്വവും ആരോഗ്യവും ഉറപ്പുവരുത്തുന്നതിനായി വിശദമായ നടപടി ക്രമങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. 10.1.1. മുതൽ 10.1.4 വരെയുള്ള റെഗുലേഷൻ പ്രകാരവും പാർട്ട് രണ്ട് ഷെഡ്യൂൾ 4 പ്രകാരവും ഏതെങ്കിലും അസുഖം ഉള്ളവരോ അസുഖം പരത്താൻ സാധ്യതയുള്ള ആളുകളോ ആഹാരം പാചകം ചെയ്യുന്ന സ്ഥലത്തോ വിതരണം ചെയ്യുന്ന സ്ഥലത്തോ പ്രവേശിക്കാൻ പാടില്ല. കൂടാതെ നിശ്ചിത കാലയളവിൽ മെഡിക്കൽ പരിശോധനകളും ചെക്കപ്പുകളും നിർബന്ധമാണ്. ആഹാര പദാർത്ഥങ്ങൾ പാചകം ചെയ്യുന്നവർ പരമാവധി, വർഷത്തിൽ ഒരു തവണയെങ്കിലും മറ്റ് പകർച്ചവ്യാധികൾ ഇല്ലായെന്നും ഭക്ഷ്യ ഉൽപ്പാദന വിതരണ മേഖലകളിൽ പ്രവർത്തിക്കുന്നതിന് ആരോഗ്യമുണ്ടെന്നുമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് അംഗീകൃത രജിസ്റ്റേർഡ് മെഡിക്കൽ ഓഫീസറിൽ നിന്നും നേടേണ്ടതാണ്. കൂടാതെ തൊഴിലാളികൾക്ക് |

| | | | |
|---|---|---|---|
| | | | പ്രതിരോധ വാക്സിനേഷനുകളും നിയമം മൂലം നിർബന്ധമാണ്. |
| സി) | ഹോട്ടലുകളിൽ പാചകത്തൊഴിലാളികളായി അന്യസംസ്ഥാനക്കാർ നിയമിതരാകുന്ന സാഹചര്യത്തിൽ അവരുടെ ആരോഗ്യ സ്ഥിതിയെക്കുറിച്ച് വിലയിരുത്താനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സി) & ഡി) | ഉണ്ട്. ഭക്ഷ്യസുരക്ഷാ നിയമങ്ങൾ ഭക്ഷണം കൈകാര്യം ചെയ്യുന്ന എല്ലാവർക്കും ബാധകമാണ്. ഇത് അന്യസംസ്ഥാനക്കാർക്കും ബാധകമാണ്.2006ലെ കേന്ദ്ര ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ പാചക തൊഴിലാളികളുടെ വ്യക്തി ശുചിത്വത്തെയും ആരോഗ്യസ്ഥിതിയെയും കുറിച്ച് സമഗ്ര വ്യവസ്ഥകളാണ് ഉള്ളത്. |
| ഡി) | ഇല്ലെങ്കിൽ ഈ മേഖലയിൽ സർക്കാർ എന്തെങ്കിലും കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ